റോഡ് വികസനത്തിന് ഭൂമി നൽകുന്നവർക്ക് കെട്ടിട നിർമ്മാണ വ്യവസ്ഥയിലിളവ്

122 (6040) ശ്രീ.അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ റോഡു വികസനത്തിനായി സൗജന്യമായി ഭൂമിവിട്ടു കൊടുക്കുന്നവർക്ക് ശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) സൗജന്യമായി സ്ഥലം നൽകുന്നവർക്ക് എന്ത് ഇളവുകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർക്കായി നിലവിലുള്ള ഫ്ളോർ ഏരിയ റേഷ്യോയിൽ ഏത് തരത്തിലുള്ള ഇളവുകൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡു വികസനത്തിന് വേണ്ടി സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് ശേഷിക്കുന്ന ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള ഉദാരമായ വ്യവസ്ഥകൾ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അദ്ധ്യായം XI-ൽ പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള ഈ വ്യവസ്ഥകളിൽ കൂടുതൽ ഇളവ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ഇ. എം. എസ്. ഭവന പദ്ധതി

123 (6041) ശ്രീ. കെ. വി. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി എന്നാണ് ഉദ്ഘാടനം ചെയ്തത് ;

(ബി) പദ്ധതി രൂപീകരണത്തിന് മുന്നോടിയായി സർക്കാർ പഠനം നടത്തിയിരുന്നുവോ ;

(സി) എന്തായിരുന്നു ഈ പഠനത്തിന്റെ കണ്ടെത്തൽ ;

(ഡി) 2007-08 മുതൽ ഓരോ വർഷവും നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) എത്ര വീടുകളാണ് നിർമ്മാണത്തിലിരിക്കുന്നതെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ. എം. എസ്. ഭവന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2007 ആഗസ്റ്റ് 23-നാണ് നടന്നത്.

(ബി) പഠനം നടത്തിയിരുന്നു.

(സി) ഡോ. എ. അച്യുതൻ ചെയർമാനായി ഇ.എം.എസ് ഭവന പദ്ധതിയെക്കുറിച്ച് പഠിച്ച് ശുപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തെ ഭവന രഹിതരായി 372484 കുടുംബങ്ങളും ഭൂരഹിത ഭവനരഹിതരായി 332866 കുടുംബങ്ങളും ഉള്ളതായി കണ്ടെത്തിയിരുന്നു. ഇവർക്ക് വീടും ഭൂമിയും ലഭ്യമാക്കുന്നതിന് 640.876 കോടി രൂപ അധികം ആവശ്യമാണെന്നും കണ്ടെത്തിയിരുന്നു.

(ഡി) 2007-08 മുതൽ 2,33,000 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ഇ) 31-5-2010-ലെ കണക്ക് അനുസരിച്ച് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് പഞ്ചായത്ത് തലത്തിൽ 65385 ഉം, നഗരസഭാ തലത്തിൽ 3615-ഉം വീടുകളാണ് നിർമ്മാണത്തിൽ ഇരിക്കുന്നത്.

ഇ. എം. എസ്. ഭവന പദ്ധതി

124 (6042) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം എത്ര വീടുകളുടെ പണി ആരംഭിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അതിൽ എത്ര അപേക്ഷകൾ ഗൈഡ്ലൈൻ അനുസരിച്ചുള്ളവയാണെന്ന് കണ്ടിട്ടുണ്ട് ;

(സി) സർക്കാർ പുറപ്പെടുവിക്കുന്ന ഗൈഡ്ലൈൻ കൂടെക്കൂടെ മാറ്റുന്നത് നിമിത്തം അപേക്ഷകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly